## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2406** | 08.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

## കമ്മോഡിറ്റി വൈസ് ടാക്സബിൾ ലിസ്റ്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നിലവിൽ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന എല്ലാ ചരക്കുകൾക്കും നികുതി ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചില ചരക്കുകൾ നികുതി വിമുക്തമാണ്. ഇവ ഏതൊക്കെയാണെന്ന് കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ ഒന്നാം പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതു കൂടാതെ, 6(1) -ാം വകുപ്പിലും ചില ചരക്കുകൾക്ക് നികുതി ഒഴിവ് നല്കിയിട്ടുണ്ട്. Export ചെയ്യപ്പെടുന്ന ചരക്കുകളുടെ മേലും ടി നിയമത്തിൻ കീഴിൽ നികുതി ചുമത്താറില്ല. കൂടാതെ, പത്ത് ലക്ഷം രൂപ വരെ വാർഷിക വിറ്റു വരവുള്ള ഒരു വ്യാപാരിക്ക് നികുതി ബാദ്ധ്യത ഇല്ലെന്നും നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര ചരക്കുകൾക്ക് നികുതി ഈടാക്കുന്നുണ്ട്; വിശദവിവരം നൽകുമോ; | (ബി) & (സി) & (ഡി) | എച്ച്.എസ്.എൻ കോഡ് അടിസ്ഥാനമാക്കി കേരള മൂല്യവർദ്ധിത നികുതി നിയമത്തിൽ ചരക്കുകളെ മൂന്ന് പട്ടികകളായി തരം തിരിക്കുകയും ഇവയ്ക്ക് യഥാക്രമം 0, 1, 5 വീതം ശതമാനം നികുതി നിരക്ക് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഈ പട്ടികകളിൽ ഒന്നും ഉൾപ്പെടാത്ത വയെ 14.5 ശതമാനം നികുതി നിരക്കിലും ഏതാനും ചില ഉല്പന്നങ്ങളെ വകുപ്പ് 6(1) ന്റെ കീഴിൽ 2%, 15%, 20%, 22.5%, 30% നിരക്കിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കേരളത്തിലെ കമ്മോഡിറ്റി വൈസ് ടാക്സബിൾ ലിസ്റ്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | | |
| (ഡി) | ഒരു സമ്പൂർണ്ണ കമ്മോഡിറ്റി വൈസ് ടാക്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കാലാകാലങ്ങളിലുള്ള ധനകാര്യ നിയമങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഭേദഗതികൾക്കനുസൃതമായുള്ള മാറ്റങ്ങൾ ഷെഡ്യൂളുകളിലും വകുപ്പ് 6(1) ലും വരുത്താറുണ്ട്. പ്രസ്തുത നിയമത്തിൻ കീഴിൽ പത്തുലക്ഷം രൂപയുമേൽ വിറ്റുവരവുള്ള ഒരു വ്യാപാരി താൻ വിൽക്കുന്ന നികുതി വിധേയമായ സാധനങ്ങളുടെ മേൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. |

**സെക്ഷൻ ഓഫീസർ**